

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെണ്മണി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത തപാലിന്റെ കീഴ് സഹിതം)

നമ്പർ: കെഎസ്.എ/എ.എൽ.പി/ഫി5/1342/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തിയ്യതി: 20/12/2025
ഇ-മെയിൽ: ddhqlfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (മെമ്പർമാർ മുഖേന)
വെൺമണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ ഇടപാടുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ മണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത മണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലും അതിന്മേൽ എടുത്ത തീരുമാനങ്ങളിന്മേലും പകർപ്പ് ചൊല്ലുന്ന ക്രമത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ കണ്ടെത്തലുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.പി.സ്.എ/എഫ്എസ്ഡി/പി5/1342/2025 തീയ്യതി: 20/12/2025

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള മോഡൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള മോഡൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കപ്പെട്ടതായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിലായി നടത്തിയ പണം പിരിവ്,അവയുടെ കുടിശ്ശിക,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണകുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും തുടർ പരിശോധിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ മറ്റേതെങ്കിലും വിവരങ്ങളുടെയോ വിശദീകരണങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സ്മിത ദാസ്	ഡെപ്യൂട്ടി ഡയറക്ടർ	04-11-2025	15-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-11-2025	15-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായാദേവി സി.എസ്., ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ജിനിത ആന്റണി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.സുനിമോൾ ടി സി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. അനിൽ കുമാർ ആർ	സെക്രട്ടറി	01-04-2024	31-08-2024
ശ്രീ.രാജി എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-09-2024	04-09-2024
ശ്രീ.ടൈറ്റസ് പി	സെക്രട്ടറി	05-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ -രാജി എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.സന്ദീപ് കുമാർ കെ എസ്	ക്ലർക്ക് ഓഫീസർ	01-04-2024	31-03-2025
ഡോ.സുനു എൽ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി.റെജിമോൾ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി.രേഷ്മ കെ ഡി	ഹൈസ്കൂൾ	01-04-2024	14-06-2024
ശ്രീമതി.ഹേമലത എൽ കെ	ഹൈസ്കൂൾ	15-06-2024	31-03-2025
ശ്രീ.പി അപ്പുക്കുട്ടൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	30-04-2024
ശ്രീമതി.അർച്ചന ജി	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ.ചാർജ്ജ്	01-05-2024	31-05-2024
ശ്രീ.അനീഷ് എ	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2024	30-09-2024
ശ്രീ.സുജിത്ത് രാജൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-10-2024	31-03-2025
ഡോ.സജിത്ത് ശ്രീകുമാർ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2024	04-02-2025
ഡോ.ആർസി രാജ്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	05-02-2025	27-02-2025
ഡോ.സംഗീത ശ്രീകുമാർ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	28-02-2025	31-03-2025
ഡോ.പ്രവീൺ എം.വി	മെഡിക്കൽ ഓഫീസർ, ആയുർവേദ	01-04-2024	31-03-2025
ശ്രീമതി.വിനീത വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെണ്മണി സർക്കിൾ)	01-04-2024	31-03-2025
ശ്രീ.കാർത്തിക് വിശ്വാസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇടുക്കുമ്പോൾ സർക്കിൾ)	01-04-2024	31-03-2025
ഡോ.ശ്രീവൽസ എസ്	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ശ്രീമതി പുഷ്പകുമാരി , എൽ.കെ	ഒ.സി.ഡി എസ് സൂപ്രണ്ടൊണർ	01-04-2024	13-08-2024
ശ്രീമതി മെഹറുന്നിസാ ബീഗം	ഒ.സി.ഡി എസ് സൂപ്രണ്ടൊണർ	14-08-2024	31-03-2025

ഉള്ളടക്കം

ക്ര നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അപൂർണ്ണ അഭിവാദനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി കൃത്യമായി നടത്തുന്നില്ല	1-1-1
3	മേലും ഇനത്തിൽ വരവുണ്ടെയിട്ടും അക്കൗണ്ടിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല	1-1-3
5	ഡിമാന്റിനേക്കാൾ കൂടുതൽ മുതലുകൾ ലഭിച്ചതായി കാണുന്നു	1-1-4
6	Nationalised Bank Account Of Own Revenue Fund - കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല	1-1-5
7	ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക തെറ്റായി രേഖപ്പെടുത്തി	1-1-6
8	സി.എഫ്.എൻ.ടി.സി സ്കീമിൽ ലഭിച്ച തുക അക്കൗണ്ട് ബുക്കിൽ അധ്യുനമായി ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3
11	ഫണ്ട് വിനിയോഗം (എസിഞ്ചാർ പ്രകാരം)	1-4
12	ധനസ്ഥിതി അവലോകനം	1-5
13	തൊഴിലുറപ്പു പദ്ധതി	1-6
14	ശ്രദ്ധേയമായവ	1-7
15	കുറഞ്ഞ വേതനനിരക്കുകൾ	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല	1-10
18	ടാർ നിർമ്മാണം- വസ്തുനികുതി പിരിവിട്ടില്ല	1-11
19	തൊഴിൽ നികുതി ഇടാക്കാത്തതു മൂലം വരുമാന നഷ്ടം	1-12
20	കടിവെള്ള പദ്ധതികൾക്കായി നിശ്ചയിച്ച തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല	1-13
21	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹത പരിശോധിക്കാതെ ലാപ്ടോപ്പ് വിതരണം ചെയ്തു	1-14
22	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല	1-15
23	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ	1-16
24	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല	1-17
25	വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങലിലെ അപാകത	1-18
26	വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല	1-19
27	വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകളുടെ പലിശയോ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-20
28	കോൺഫറൻസ് ഹാൾ പാനലിംഗ്- അപാകതകൾ	1-21
29	ഭവന പുനരുദ്ധാരണം - അഡ്വാൻസ് തൊഴുപ്പിനെയിലും പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല	1-22
30	ജി.എസ്.റ്റി ഇൻവോയ്സിൽ നിന്നും കുറവ് ചെയ്തില്ല	1-23
31	ഹൗസിയാ ആപ്ലിക്കേഷൻ മോഡ്യൂൾ ലഭ്യമാക്കിയിട്ടില്ല	1-24
32	ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ	1-25
33	തുല്യപ്പതിക്കായി നടത്തിയ വിവിധ വാണിജ്യകൾ - വിശദീകരണം ലഭ്യമാക്കിയിട്ടില്ല	1-26

34	പെന്റിവേർ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയ്ക്ക് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-27
35	പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുക വർഷങ്ങളായി ചെലവഴിച്ചിട്ടില്ല	1-28
36	ലൈഫ് മറാ പദ്ധതി - അവലോകനം	1-29
37	പെൻഷൻ ഫ്രാഡ് -അവലോകനം	1-30
38	ജൽ ജീവൻ മിഷൻ- പദ്ധതി പ്രവർത്തനം ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല	1-31
	അദ്ധ്യായം 2	
1	ബാഴ്സിൽ നിലവിൽ ഇനമാണ്ടുള്ള തുക വരവായി നിശ്ചയിച്ചു	2-1
	അദ്ധ്യായം 3	
1	എസ്റ്റേറ്റ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹത പരിശോധിക്കാതെ ലാപ്ടോപ് വിതരണം ചെയ്തു	3-1
2	എസ്റ്റേറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ ട്രിപ്പ് - അപാകതകൾ	3-2
	അദ്ധ്യായം 4	
1	മെഡിമാപ് - അവലോകനം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്പൂഴുതികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വരുമാനിച്ചിട്ടുണ്ട്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമഗ്ര ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രതിവാദങ്ങൾ	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സമ്പ്രദായം	
2	ഗ്രാന്റുകളുടെ വിനിയോഗ സമ്പ്രദായം	

1-1-1 അപ്പുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി കൃത്യമായി നടപ്പാക്കിയിട്ടില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കെട്ടിടകരാലുടെ തൊഴിൽ നികുതി തുടങ്ങി അപ്പുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും ഇടയിലും എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. വർഷാരംഭത്തിൽ മാത്രമാണ് ഭൂരിഭാഗവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-2 ലേലം ഇനത്തിൽ വരുമാനമൊന്നും രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

വാർഷിക ധനകാര്യ പട്ടിക പ്രകാരം 2024-25 കാലയളവിൽ ലേലം ഇനത്തിൽ വരവുണ്ട്. എന്നാൽ വർഷാന്ത്യം രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

രജിസ്റ്ററിൽ ചേർത്തതിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-4 ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ ലഭിച്ചതായി രേഖകൾ

താഴെപ്പറയുന്ന ഡി.സി.ബി ഇനങ്ങളിൽ ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ ലഭിച്ചതായി കാണുന്നു

ഇനം	Income & Expenditure പ്രകാരം ഡിമാന്റ്	രജിസ്റ്റർ, ആർ.പി സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ	വ്യത്യാസം
ലൈസൻസ് ഫീസ്	1,48,000	1,49,500	1,500
തൊഴിൽ നികുതി	2,73,000	2,77,350	4,350

ഫ്രണ്ട് ഓഫീസിൽ നൊട് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം അധികമായി സംഭവിച്ചതെന്ന് മറുപടി ലഭിച്ചു.

1-1-5 Nationalised Bank Account Of Own Revenue Fund – തുടർന്നു പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം നിക്ഷേപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 4,032/- രൂപയുടെ (45020101 Nationalised Bank Account Of Own Revenue Fund) തുടർന്നു പരിശോധിക്കാനാവശ്യമായ രേഖകളും പ്രസ്തുത അക്കൗണ്ട് നിലനിർത്തിയതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കിയിട്ടില്ല.

1-1-6 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് തുക തെറ്റായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി 15,577/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്(450240128 SBI Online Transactions). പ്രസ്തുത തുകയുടെ തുടർന്നു പരിശോധിക്കാനാവശ്യമായ നിക്ഷേപസ്ഥിതിയെപ്പറ്റിയുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് നിലനിർത്തിയതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ച് ഇല്ലാതാക്കിയ പ്രൂഫ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അവ സംബന്ധിച്ച് നൽകിയ ബാധ്യത അവസാനിപ്പിച്ചതിനെപ്പറ്റിയും ഇത് സംബന്ധിച്ച് നൽകിയ ബാധ്യത അവസാനിപ്പിച്ചതിന് (7/05.11.2025) മറുപടി ലഭിച്ചു.

1-1-7 സിഎഫ്എസ്.ടി.സിയായി ലഭിച്ച തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം സിഎഫ്എസ്.ടി.സിയായി ഉടമ്പടിയ ബാങ്ക് അക്കൗണ്ടിൽ

ഭാഗം -I

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ചാർട്ടേർഡ് നിർദ്ദേശങ്ങളും അനുസരിച്ച് 12.06.2025 ലെ 5 നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2025 തീയതിയിൽ പിള്ളനല്ലൂർ ഗ്രാമപഞ്ചായത്തിനെ സമർപ്പിക്കപ്പെട്ടിട്ടുള്ള വെണ്ടേതി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ട്രേഡിംഗ് & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുനിഷ്ഠമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്നും ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കണമെന്ന് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച എറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശദീകരണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെണ്ടേതി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായയുക്തവുമായ ചിത്രം നൽകുന്നു.

തയ്യാറാക്കിയത്

(Federal Bank A/C No.17650100053383) 48,856/- രൂപ മാത്രമാണ് തിരിച്ചടക്കേണ്ടത്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കേണ്ടിയിരുന്ന പ്രസ്തുത ഇക ബാങ്കിന്റെ നിർ ബന്ധിച്ച് ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയിൽ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (7/05.11.2025) മറുപടി ലഭിച്ചിട്ടുണ്ടായി പരിഗണിക്കാമെന്ന് അറിയിച്ചു. അതിനാൽ പരിഗണിക്കുന്നതാണ്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 12.2.2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24.2.2025 തീയതിയിലെ 4(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റിന്റെ വിവര വിവര പ്രകാരം ചെലവഴിച്ചു.

	തുക	വരവ്	ചെലവ്
ബജറ്റ് പ്രകാരം		24,76,41,000	24,62,90,200
പുതുക്കിയ ബജറ്റ് പ്രകാരം		29,66,53,457	28,82,64,359
യഥാർത്ഥ കണക്ക് പ്രകാരം (ഇൻകംഎക്സ്പെൻഡിച്ചർ)		16,42,59,045	16,95,53,797

1-3 സാമ്പത്തിക വിശകലനം(റസിപ്റ്റ് & പെയ്മെന്റ് പ്രകാരം)

തുണിറ്റ്	1,59,06,545
വരവ്	4,54,03,163
ആകെ	6,13,09,708
ചെലവ്	3,95,59,285
നീക്കിയിരിപ്പ്	2,17,50,423

1-4 ഫണ്ട് വിനിയോഗം (ഏനിത്തുക പ്രകാരം)

ഫണ്ടിനം	പ്രാരംഭശേഷി വരവ്		തനത് വിനിയോഗം	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	1,37,92,269	19,02,540	1,56,94,809	1,56,84,009	10,800 (ഡെബ്)
വികസനഫണ്ട് എസ്.സി.പി.	0	78,51,413	10,62,587	89,14,000	86,42,727	2,71,273 (ഡെബ്)
സാക്ഷരതാഗ്രാന്റ് വരവ്	0	3,69,32,000		3,69,32,000	1,44,93,398	2,24,38,602 (ഡെബ്)
സാക്ഷരതാഗ്രാന്റ് മാനദണ്ഡവ്	0	39,51,000		39,51,000	33,90,429	5,60,571 (ഡെബ്)
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്	25,31,023	55,72,500		81,03,523	27,26,548	53,76,975 (ക്രെഡ്)
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനിമേഷവ്	10,10,432	28,51,023 (26422264-Int.208797)		38,61,455	29,32,139	9,29,316 (ക്രെഡ്)
പെർഫോമൻസ് ഗ്രാന്റ് (ലോവ്)	0	19,65,464		19,65,464	5,07,851	14,57,613 (ഡെബ്)

പെർഫോമൻസ് ഗ്രാന്റ് (അസി ഓഡിറ്റ്)	0	2,166	2,166	0	2,166 (ഡെബ്റ്റ്)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചവ (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയവ (എണ്ണം)	പൂർണ്ണമായി കഴിഞ്ഞവ	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം
281	14,08,96,678	6,46,95,393	30	164	87	58.36%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	ഇന്നലെ	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വേതന ചെലവുകൾ	995	12,33,361	12,34,356	12,34,356	0
ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ച് കിട്ടാനുള്ളത്	0	3,20,14,212	3,20,14,212	3,20,14,212	0
മുടക്ക ചെലവ്	0	42,788	42,788	42,788	0
ആകെ	995	3,32,90,361	3,32,91,356	3,32,91,356	0

1-7 ഗുണഭോക്താക്കൾ

ഗ്രാമപ്രദേശത്ത് നടപ്പാക്കിയ വിവിധ വരുമാന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	32,71,200	145
വിധവാപെൻഷൻ	1,28,93,700	633
വാർദ്ധക്യകാലപെൻഷൻ	3,22,22,000	2270
വികലാംഗപെൻഷൻ	41,84,400	258
അവിവാഹിതപെൻഷൻ	6,50,600	38

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ പെരള ഗ്രാമപഞ്ചായത്ത് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2025 തീയതിയിൽ 03:30 PM ന് ഓഫീസറിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 6,650/- രൂപ ക്യാഷ് ബാലൻസിനെക്കാൾ കുടുതലായി കണ്ടെത്തി.

1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന ന്യൂനതകളെടുത്തുകാട്ടിയാൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പല സ്ഥലവും കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ ശരിയായ തിരിച്ചറിയൽ നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിലുറപ്പ് പദ്ധതിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിലേക്കായി ഒരു വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ

പ്രോഫോമ വിലയിരുത്തുന്നതിനായി മിനിസിവിൽ മേയറിയില്ല.

3. വർക്കിംഗ് ഗ്രൂപ്പുകൾ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് ക്രമീകരണം നടപ്പാക്കിയിട്ടില്ല.

4. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ക്രമീകരിച്ചിട്ടുണ്ടോ എന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

ആയതിനാൽ നിലവിലുള്ള സംവിധാനം ശക്തമായി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല

സ.ഉ.(ആർ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുനർ നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്ര.നം10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി മസാപ്പ്/നഗരസഭ ചേർക്കണമെന്നാണ് ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 നകം പൂർത്തിയാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

വസ്തു നികുതി പുനഃക്രമീകരണ സംബന്ധിച്ച വിവരശേഖരണത്തിന്റെ പ്രാരംഭ വിലയിരുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/05.11.2025) ബി.പി.എസ് മാപ്പിംഗ് നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥ മേഖല കൺസൾട്ടിംഗ് സൊസൈറ്റിക്ക് കരാർ നൽകി 20,72,399/- രൂപ ചെലവഴിച്ചു പ്രവൃത്തി പൂർത്തീകരിച്ചെന്നും മാപ്പ് ബിൽഡ് ഉപയോഗിച്ചു ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിലെ ഡേറ്റാബേസുമായി വ്യത്യാസമുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിട നം.	മാപ്പ് ബേസ്ഡിലെ വിസ്തൃതി (ച.മീ)	സഞ്ചയയിലെ വിസ്തൃതി (ച.മീ)
14/520	188.61	കണക്കാക്കിയിട്ടില്ല
13/454	12.18	38
14/570	277	105
14/4640	15.97	52
14/4648	15.97	13

പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കുക. വസ്തുനികുതി പരിഷ്കരിച്ച് നിലവിലുള്ള മസാപ്പ്/നഗരസഭ കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 ഫൈബർ നിർമ്മാണം-വസ്തുനികുതി പുനഃനിശ്ചയിച്ചില്ല

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനായി INDUS TOWER LTD ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന് ഇൻിമേഷൻ നൽകി അപേക്ഷ ഫീസ് ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ടവറുകളിൽ നിന്നും വസ്തു നികുതി ഇനത്തിലുള്ള വിവരശേഖരണത്തിന് ശേഷം ഓഡിറ്റ് അന്വേഷണത്തിനു (നം.6/05.11.2025) കംപ്ലീഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലെന്നും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

ക്ര നം.	ഇൻിമേഷൻ തിയതി	രസീത് നം.	ടവറിന്റെ വിശദാംശം
1	22.07.2023	12304009ന	INDUS TOWER LTD

നിർമ്മാണം പൂർത്തീകരിച്ചോ എന്നത് ഉറപ്പുവരുത്തി പൂർത്തീകരിച്ചിടങ്ങളിലെ വസ്തുനികുതി പ്രത്യേക പ്രൊഫോർമ-6 ന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-12 തൊഴിൽ നികുതി ഇനത്തിലുള്ള കുടിശ്ശിക വരുമാനം നഷ്ടം

ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് കണക്കാക്കിയ അപാകതകൾ ചുവടെ ചേർക്കുന്നു

എ) അർഹമായ വരുമാനത്തിനുമേലുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

27.06.2024 തീയതിയിലെ സ.ഉ(സാധാ)നം.1149/2024/Lsgd നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്റ്റാബിനന്തുമതായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർധവാർഷം മുതൽ ഓഫീസ് നികതി പുല്ലൂരിയ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ പ്രസ്തുതത്തിന്റെ തൊഴിൽ നികതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ മേല പ്രകാരമുള്ള നിരക്കിന് അനുസരിച്ച് തൊഴിൽ നികതി ഈടാക്കാതെ ജീവനക്കാരുടെ നിന്നുമായി പുറമെ ചേർക്കണം.

ജീവനക്കാരന്റെ പേര്	സ്ഥാപനം	അർധവാർഷിക ശമ്പളത്തുക	ഈടാക്കേണ്ട തൊഴിൽ നികതി	ഈടാക്കിയ തൊഴിൽ നികതി	രസീത് നമ്പർ/ തീയതി	തുക
നിഖിത രാജ്		48,000	750	450		300
സുനിത എച്ച്.		48,000	750	450		300
നിഷ രാജ്		48,000	750	450		300
ആശ ജോയി	മെസ്സ് മോഡേൺ ഹൈറ്റ്സ്	48,000	750	450	രസീത് ഹാജരിൽ ലഭ്യമല്ല	300
ആതിര എൻ.		48,000	750	450		300
അഖിന ഫ്രാൻസിസ്		48,000	750	450		300
നിവ്യ ആർ.		48,000	750	450		300
ആശ എസ്.		48,000	750	450		300
മാജേഷ് കെ.ടി.	കെഞ്ചനാട് സിവി ടീ, വെങ്കിനി	49500	750	450	1240301903/ 04.02.2025	300
അജയ് ബിജു		49500	750	450		300
സിദ ഡിഎസ്.	മെസ്സ് ഗ്രൂവിസ് ഇന്ത്യ പ്രൈവറ്റ് സ്റ്റഡ്	64800	750	600		150
മിനി സാം		63000	750	600		150
ശ്രീലത സജി		62000	750	450		150
മെഴസ പിറോസ് ബാബു		60000	750	450	1240302027/ 10.02.2025	300
ഏലിയാമ്മ സാബു		55200	750	450		300
ലീലാമ്മ ജോസഫ്		54600	750	450		300
മിനി സാബു		54600	750	450		300
ലിനു അനിൽ കുമാർ		54600	750	450		300
നിഷ ഗ്ലിഫോർഡ്		53400	750	450		300
ക്രിജ പി.ടി.		49800	750	450		300
സുസൻ മാത്യു		തൊഴിൽ നികതി സ്റ്റാറ്റിമെന്റ് ഹാജരിൽ	750	450		300

		കാണാനില്ല 48900				
ഷെറിൻ ജെന്നാൻ		44700	600	450		250
റോഷിൻ ആൻ ജോർജ്		41700	600	450		250
ആമിന ബൂ	പോസ്റ്റ് മെട്രിക്കുലേഷൻ ഫീസാർസ്	66000	750	600	1240302126/ 13.02.2025	150
സബിത പി. പിള്ള	മേഷ്ണാട് നിധി ലി.	49500	750	450	1240302124/ 13.02.2025	300
സിസ്റ്റ സൂരേഷ്	പ്രാഥമ	36000	600	450		150
ശ്രീ മേരി ഫിത	ആശ്രിത് ബാങ്ക്	55000	750	450	1240313366/ 14.03.2025	300
			ആകെ			7,250/-

മാഴിൽ നികുതി ഡിസ്ട്രിബ്യൂഷൻ സെന്റ് മേരിസ് കോസ്റ്റിറ്റിലിലെ ജീവനക്കാരുടെ 2-ാം അർദ്ധവർഷത്തെ മാഴിൽ നികുതിയുടെ വിതരണത്തിൽ രജിസ്ട്രേഷനിലെ പ്രശ്നത്തിന്റെ വിശദാംശം , മാഴിൽ നികുതി സ്റ്റേറ്റിലെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല .

ബി) ഗ്രാമപഞ്ചായത്തിന്റെ മാഴിൽ നികുതി ഡിസ്ട്രിബ്യൂട്ട്, 2024-25 സാമ്പത്തിക വർഷത്തെ ജീവി ഡിസ്ട്രിബ്യൂട്ട് എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്യുന്ന ചില കോൺട്രാക്ടർമാരുടെ ജീവനക്കാരുടെ മാഴിൽ നികുതി ഡിഡക്ട് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	വിവരണം	ആകെ വാർഷിക വരുമാനം	അർഹമായ തുക	ഈടാക്കേണ്ടുന്ന തൊഴിൽ നികുതി
1.	ഗ്രീൻഫ്, മെക്കിനൽ അസിസ്റ്റന്റ്	1,85,970	രണ്ടു അർദ്ധവർഷങ്ങളിലും	1250 X 2 =2500
2.	ശ്രീകുട്ടൻ, പ്രോജക്ട് അസിസ്റ്റന്റ്	97,069	ഒരൊറ അർദ്ധവർഷം	750 X 1 =750
			ആകെ	3250 /-

ഇത് സംബന്ധിച്ച് നൽകിയ മറുപടി അസംതൃപ്തമാണ് (തീയതി:01/01.2025) തുടർന്ന് ലഭ്യമാക്കിയിട്ടില്ല. കോൺ പരിശോധിച്ച ജീവനക്കാരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി 10,500 /- രൂപ ഈടാക്കി വിവരം മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-13 കഴിവുള്ള പദ്ധതികൾക്കായി നിശ്ചയിച്ച ഇനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ബാക്കുടി മുഖേന താഴെ പറയുന്ന കഴിവുള്ള പദ്ധതികൾക്കായി ഗ്രാന്റ് തുക വിനിയോഗിച്ച് നിശ്ചയിച്ച ഇനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

i) അങ്കണവാടി കുടിവെള്ള പദ്ധതി സെക്രട്ടറി റിപ്പ

പ്രോജക്ട് നം:S0251/25

പദ്ധതി : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ: 8,30,200/-

ചെലവ് 2,50,000/-

അമ്പലക്കുളം കടവുള്ളതോട് പദ്ധതി നടപ്പാക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് 14,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രകാരം 2023-24 വർഷം 12,00,000 രൂപ അടച്ചിട്ടുണ്ട്. ശേഷിക്കുന്ന 2,50,000 രൂപ (XVFC/24-25/P/32/11.2.25) 2024-25 ൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കാൻ സാധിക്കാതിരുന്ന ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പോരായ്മകൾ സമയത്തിന് തന്നെ ഇടപെട്ട് നിലനിർത്തുവാൻ ഉടനും തിരികെ ലഭ്യമാക്കാനാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേയ്ക്ക് കത്തയച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തുക തിരികെ ലഭ്യമായിട്ടുണ്ടോയെന്നും പദ്ധതി നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണമെന്തെന്നും ആരാഞ്ഞ് നൽകിയ മെമ്മോ അനുച്ഛേദത്തിന് (നം.8/6.11.2025) കടവുള്ള പദ്ധതി നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണം കത്ത് മുഖേന അറിയിക്കുന്നതിനും നിലനിർത്തിയ തുക തിരികെ അടയ്ക്കുന്നതിനും കത്ത് മുഖേന ആവശ്യപ്പെട്ടതായും അറിയിച്ച തുക തിരികെ ലഭിച്ചിട്ടില്ലായതിനാൽ തന്റെ വർക്കായ 2,50,000 രൂപയുടെ ചെലവ് മെമ്മോയിൽ ഉൾപ്പെടുത്തുന്നു .

2) താഴ്ന്ന് കടവുള്ള പദ്ധതി മെമ്മോ റിപ്പ്

പ്രോജക്ട് നം. 50247/2025

പണിനം: 11,00,000/-

മേൽ പ്രോജക്ട് പ്രകാരം കടവുള്ള പദ്ധതി നിർമ്മിയ്ക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം 2023-24 ൽ 4,00,000 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിട്ടുണ്ട്. 15,00,000 രൂപയുടെ എസ്റ്റിമേറ്റനുസരിച്ച് ശേഷിയ്ക്കുന്ന 11,00,000/- രൂപ (Rs.990000- XVFC24-25/P/31/10.2.25,Rs. 11000- XVFC/24-25/P/33/11.2.25) 2024-25 വർഷവും നിക്ഷേപിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ മെമ്മോ അനുച്ഛേദത്തിന് (നം.8/6.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ നിശ്ചയിക്കപ്പെട്ട 11,00,000 രൂപയുടെ ചെലവ് മെമ്മോയിൽ ഉൾപ്പെടുത്തുന്നു. രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് തിരമാ മെമ്മോയിൽ അറിയിക്കേണ്ടതാണ്.

I-14 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് – അർഹത പരിശോധിക്കാതെ ലാപ്ടോപ് വിതരണം ചെയ്തു

പ്രോജക്ട് നം.45/25, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

നിർവഹണം - അസിസ്റ്റന്റ് ഡയറക്ടർ

അലോട്ട്-6,00,000/-(എസ്.സി.പി)

ചെലവ്-5,04,147/-(എസ്.സി.പി)

(i)ബിൽ നം.2407025200810(6445)0/22.3.25 (465097/-)

(ii)ബിൽ നം.2407025200810171004 7/25.3.25 (39050/-)

പ്രസ്തുത പ്രോജക്ടിൽ ആകെ 13 ACER ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ആദ്യ ബിൽ പ്രകാരം 12 ലാപ്ടോപ്പുകൾ 38,758/- നിരക്കിൽ ആർടിനകാ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ടാമത്തെ ബിൽ മുഖേന ഒരു ലാപ്ടോപ്പ് 39,050/- രൂപ നിരക്കിൽ ABACUS ടെക്നോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. വാങ്ങിയതിൽ പ്രസ്തുത പർച്ചേസ് അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

i) ഒരേ കാറ്റലോഗിലായിട്ടും ഒരു പർച്ചേസ് നടപ്പിലാക്കുന്നതിന് പകരം രണ്ടായി രണ്ട് സ്ഥാപനങ്ങളിൽ നിന്നാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. ആദ്യ പർച്ചേസിൽ ഒരു ലാപ്ടോപ്പിന് 38,758/- നു ലഭിച്ചിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ ബിൽ പ്രകാരം ഒരേ ലാപ്ടോപ്പ് 39,050/- രൂപയ്ക്കാണ് വാങ്ങിയിട്ടുള്ളത്. 292/- രൂപ അധികമായി ചെലവ് വരികയുണ്ടായി.

2) ഒരേ പർച്ചേസ് വഴി I-3 പ്രോസസ്സുള്ള ലാപ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. ആദ്യ പർച്ചേസിൽ 3 സ്ഥാപനങ്ങളുടെ വിലകൾ താരതമ്യം ചെയ്യുകയുണ്ടായി. എന്നാൽ രണ്ടാമത് ലഭിച്ച ആർടിനകാ

സിസ്റ്റംസ് കാട് ചെയ്ത് I-3 പ്രൊസസ്സറിന്റെ നിരക്കും(L1) മറ്റുള്ള സാധനങ്ങൾ (L2, L3) കാട് ചെയ്തിട്ടുള്ളത് I-5 പ്രൊസസ്സറിന്റെ നിരക്കുകളാണ്. I-3 പ്രോസസ്സർ ടെണ്ടറുകളും I-5 പ്രോസസ്സർ ടെണ്ടറുകളും താരതമ്യം ചെയ്ത് നിലവിൽ മാർക്കറ്റിലുള്ള I-3 പ്രോസസ്സർ ടെണ്ടറുകളാണ് വാങ്ങിയത്. മതിയായ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾക്ക് പകരം ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളുമായി താരതമ്യപ്പെടുത്തി വാങ്ങാൻ നടത്തിയത് ശരിയല്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ/28.05.2022 അനുബന്ധം 4 പ്രകാരം പഠനാവശ്യത്തിന് ടെണ്ടർ വാങ്ങുമ്പോൾ 4GB RAM സ്പെസിഫിക്കേഷനിലുള്ള ഇന്റേർണൽ സ്റ്റോറേജ് സിസ്റ്റമുള്ള ലാപ്ടോപ്പാണ് വാങ്ങാൻ നിർദ്ദേശമുള്ളത്. എന്നാൽ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് 4GB RAM ന് പകരം 8GB RAM സ്പെസിഫിക്കേഷനോടുകൂടിയ വിൻഡോസ് സ്റ്റോറേജ് സിസ്റ്റത്തോടുകൂടിയ ലാപ്ടോപ്പുകളാണ് വാങ്ങി നൽകിയിട്ടുള്ളത്. കൂടാതെ താരതമ്യേന വിലകൊറഞ്ഞ വിൻഡോസ് (ഹോം) സ്റ്റോറേജ് സിസ്റ്റത്തിന് പകരം ഉയർന്ന സ്പെസിഫിക്കേഷനോടുകൂടിയ വിൻഡോസ് (പ്രൊഫഷണൽ) ലാപ്ടോപ്പുകളാണ് വാങ്ങി നൽകിയിട്ടുള്ളത്. ഇപ്രകാരം വാങ്ങിയ ലാപ്ടോപ്പുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്താതെ ഉണ്ടോക്കാരുടെ കൈവശം തന്നെ കൊടുത്ത് വിടുകയാണ് ചെയ്തിരിക്കുന്നതായി കാണുന്നു.

3) പ്രോജക്ടിൽ ലാപ്ടോപ്പ് കൈപ്പറ്റിയ അഹല്യ-എസ് എന്ന വിദ്യാർത്ഥിനിയുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ ബന്ധപ്പെട്ട വിദ്യാലയം സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ/28.05.2022 ഖ.1.2.1 പ്രകാരം ബിരുദ, ബിരുദാനന്തര, ഡിപ്ലോമ, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നീ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് നൽകുന്നത്. എന്നാൽ SI പ്രോജക്ടിൽ ലാപ്ടോപ്പ് കൈപ്പറ്റിയ ശ്രീമതി എസ്. എന്ന വിദ്യാർത്ഥിനി സ്വകാര്യ സ്ഥാപനത്തിൽ മെഡിക്കൽ എക്സ്പെർട്ട് കോച്ചിംഗിന് പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. എക്സ്പെർട്ട് കോച്ചിംഗ് ഒരു അംഗീകൃത കോഴ്സ് അല്ലാത്തതിനാൽ ലാപ്ടോപ്പ് നൽകിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

5) ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പട്ടികജാതി വികസന വകുപ്പിൽ നിന്നും സമാന ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. അതിനാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും സമാന ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തിയതായാണ് ലാപ്ടോപ്പ് കൈമാറിയത്.

സബ്സിഡി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ വാങ്ങിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ മെമ്മോ അനുസരണക്കേടിന് (സ.14/11.11.2025) തുടർ നടപടി ഹാജരാക്കിയിട്ടില്ല. ഖ്ര സ.(3) ൽ പരാമർശിച്ച വിദ്യാർത്ഥിനിയുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ ബന്ധപ്പെട്ട വിദ്യാലയ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും ഒപ്പം ലാപ്ടോപ്പിന്റെ വിലയായ 38,758/-രൂപയുടെ ചെലവ് ബാധിതൽ അനുവദിച്ചിട്ടുള്ളതും.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഖ്ര സ.(4) ൽ പരാമർശിച്ച വിദ്യാർത്ഥിനിയ്ക്ക് ലാപ്ടോപ്പ് കൈമാറിയതിനാൽ ഒപ്പം ലാപ്ടോപ്പിന്റെ വിലയായ 38,758/-രൂപയുടെ ചെലവ് ബാധിതൽ നിന്നാകർഷിക്കണം.

1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജക്ട് സ.50263/25, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്റ്റിൽവാട്ട്)

നിർവഹണ-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-7,00,000/-(എസ്.സി.പി)

ചെലവ്-5,37,990/-(എസ്.സി.പി)

(I)ബിൽ സ.240/025200HH05551/8.1.25 (179330/-)

(i)ബിൽ നം.2407025200810111930/1.1.25 (358660/-)

പ്രസ്തുത പ്രോജക്ടിൽ നടന്ന ബിൽഡിങ്ങിലായി ആകെ 15 ACER ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ആദ്യ ബിൽഡിൽ 5 ഉം രണ്ടാമത്തെ ബിൽഡിൽ പ്രകാരം 10 ഉം ലാപ്ടോപ്പുകൾ 35,866/- രൂപ നിരക്കിൽ സന്നിധി എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഇലൈ വാങ്ങുകയുണ്ടായി. വാങ്ങലിൽ പ്രവൃത്ത ചെയ്തത അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ.ഉ(കൈ)115/2022/ധനവ.വ/28.05.2022 അനുബന്ധം 4 പ്രകാരം പഠനാവശ്യത്തിന് ലാപ്ടോപ് വാങ്ങുമ്പോൾ 4GB RAM സ്പെസിഫിക്കേഷനിലുള്ളത് വാങ്ങാനാണ് നിർദ്ദേശമുള്ളത്. 4GB RAM ന് പകരം ഉയർന്ന സ്പെസിഫിക്കേഷനോടുകൂടിയ 8GB RAM ഉള്ള 15 ലാപ്ടോപ്പുകളാണ് വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങൾ രേഖപ്പെടുത്തുന്നതായി സ്റ്റോക് രജിസ്റ്റർ പരിശോധിക്കുന്നില്ല. വാങ്ങിയ ലാപ്ടോപ്പുകൾ സ്റ്റോക്കിൽ ചേർത്ത് നിശ്ചിത നടത്താതെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്ര കണ്ടെടുക്കുകയോ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനയിൽ ഏതെങ്കിലും സ്ഥാപനങ്ങളുടെ ലാപ്ടോപ്പുകളുടെ വിലകളാണ് ആദ്യമായും ചെയ്തതെന്നും ഓഫീസിൽ നിന്നുള്ള ഇൻവോയിസിന്റെ സ്റ്റോറിന്റെയും (1.1, 1.2, 1.3) കണ്ടെടുക്കുകയോ ഹാജരാക്കിയിട്ടില്ല. 15 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 14 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തായി രേഖയുള്ളത്. ഒരു ലാപ്ടോപ്പ് ആർക്ക് നൽകിയെന്നോ സംബന്ധിച്ച അറിയിക്കുകയോ ഹാജരാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ മെമ്മോ/ അന്വേഷണത്തിന് (17/11.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ഒരു ലാപ്ടോപ്പിന്റെ വിലയായ 35,866/- രൂപയുടെ ചെലവ് മെമ്മോയിൽ ഈടാക്കപ്പെട്ടുന്നതാണ്.

1.16 എസ്.സി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് – അപാകതകൾ

പ്രോജക്ട് നാമം മെമ്മോ നമ്പർ	S0040/25, എസ്.സി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ്
അനുവദിച്ച തുക	അസിസ്റ്റന്റ് സെക്രട്ടറി
	6,53,290/-(എസ്.സി.പി)
ചെലവ്	5,60,000/-(എസ്.സി.പി)
തിരിച്ചടച്ച തുക	317/17.01.2025 (160000/-), 124/18.01.2025 (120000/-), 331/21.01.2025 (20000/-), 337/27.01.2025 (20000/-), 349/01.02.2025(20000/-), 365/05.02.2025 (60000/-), 368/10.02.2025 (20000/-), 378/12.02.2025 (20000/-), 391/17.02.2025(60000/-), 512/20.03.2025(40000/-), 560/24.03.2025 (20000/-)

(i)2022-ലെ അഡ്മിഷൻ രജിസ്റ്റർ അടിസ്ഥാനത്തിൽ 2024-25 ൽ സ്റ്റൈപ്പൻഡിന് അർഹരായ ബിരുദ വിദ്യാർത്ഥിനികൾക്ക് ഒരുപോലെ എന്ന വിധത്തിൽ 20,000/- രൂപ സ്റ്റൈപ്പൻഡിന് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ടി വിദ്യാർത്ഥി 2021-24 കാലയളവിലെ BBA കോഴ്സിന് ബിരുദ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിഷൻ എടുത്തതായി സ്ഥാപനത്തിന്റെ 2022 ലെ ഒരു സാക്ഷ്യപത്രം മാത്രമാണ് രേഖയിൽ ഹാജരാക്കിയിട്ടുള്ളത്. തുടർന്ന് ഈ വിദ്യാർത്ഥി കോഴ്സ് പൂർത്തിയാക്കിയതിനും 2024-25 വർഷം ഇതര കോളേജിൽ വിദ്യാർത്ഥിയായിരുന്നോയെന്നും

രേഖപ്പെടുത്തിയിരുന്നു. 2022 ലെ കേരളത്തിലെ അഗ്നിശമന രംഗത്തെ അടിസ്ഥാനത്തിൽ 2024-25 ൽ സ്പ്രിംഗ്ലർ സിസ്റ്റത്തിന് നിശ്ചയിക്കുന്നതും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17.11.2025) മറുപടി ലഭ്യമാക്കിയില്ല. ഇടയാർ പ്രൗഢ സഹകരണത്തിന്റെ അപ്പീലിലെന്ന തെളിയിക്കുന്ന ഡോക്യുമെന്റിൽ നിന്നുള്ള രേഖകളൊന്നും ഹാജരാക്കാത്തതുമാണ് ആക്ഷേപം നൽകിയിട്ടുള്ളത്. 2024-25 ൽ ടി വിദ്യാർത്ഥി പ്രൗഢ കോളേജിലെ വിദ്യാർത്ഥിയായിരുന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ ഇയിനത്തിൽ ചെലവഴിച്ച 20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

(ii)അർഹതയില്ലാത്തവർക്കും അധികമായി സ്കോളർഷിപ്പ് വിതരണം ചെയ്തു

മേൽ പ്രോജക്ടിൽ സ്കോളർഷിപ്പ് ലഭിച്ച പ്രോഗ്രസ്സീവ്, മാലിപ്പാറ തെക്കേതിൽ എന്ന ഗ്രൗണ്ടോക്കാരി സെന്റ് തോമസ് കോളേജ് ഓഫ് അഡ്വാൻസ് ഹെൽത്ത് സയൻസിൽ പ്ലസ്ടുവിന് രണ്ട് വർഷം കോഴ്സായ ഡിപ്ലോമാ ഇൻ റേഡിയോളജിക്കൽ ടെക്നോളജി (DRT) വിദ്യാർത്ഥിയാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)115/2022/ന.സ.ഡ.വ/28.05.2022 ഖണ്ഡിക 7.2.4 പ്രകാരം പ്ലസ് ടു വിന് മേലുള്ള സർക്കാർ അംഗീകൃത കോഴ്സുകൾക്ക് അനുവദനീയമായ സബ്സിഡി 15,000/- രൂപയാണ്. എന്നാൽ ടി ഗ്രൗണ്ടോക്കാരിന് 20,000/- രൂപ നൽകിയിട്ടുണ്ട്. അപാകതയിയത്തൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17.11.2025) മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 5,000/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജക്ട് നം.219/25, എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്റ്റിൽ ഓഫീസ്)

നിർവ്വഹണം - അഡിഷ്ണൽ മെമ്പർട്ടറി

അടങ്കൽ-2,70,000/-(എസ്.സി.പി)

ചെലവ്-2,55,000/-(എസ്.സി.പി)

ബിൽ നം.2407025200810128.1215/05.2.25 (40000/-)

ബിൽ നം.2407025200810120.3056/21.1.25 (20000/-)

ബിൽ നം.2407025200810120.1192/20.1.25 (40000/-)

മേൽ ബില്ലുകൾ പ്രകാരം 5 ഗ്രൗണ്ടോക്കാർക്കായി വിതരണം ചെയ്ത(20,000/- രൂപ വീതം) ഒരു ലക്ഷം രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 1,55,000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഹാജരാക്കിയ ബിൽ പ്രകാരം 20,000/- രൂപ സ്കോളർഷിപ്പ് കൈപ്പറ്റിയ സൂരജ് എസ്.പി. എന്ന വിദ്യാർത്ഥിയുടെ അഭാവം തെളിയിക്കാനാവശ്യമായ കോളേജിൽ നിന്നുള്ള സർട്ടിഫിക്കറ്റും ലഭ്യമല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/11.11.2025) മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,55,000/- രൂപയുടെ ചെലവും അർഹതയുള്ള വിദ്യാർത്ഥിയുടെ അഭാവത്തിൽ 20,000/- രൂപയുടെ ചെലവുമുൾപ്പെടെ ആകെ 1,75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാണ്ടലിലെ അപാകത

നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നം. 50218/25

ചെലവ് : ബിൽ നം.47/9.5.24-92400

ബിൽ നം.47/9.5.24-96600

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സ്റ്റിൽ ഓഫീസ് നടപ്പാക്കിയ പ്രോജക്ടിന്റെ പ്രോജക്ട് ശുപാർശാ രേഖ പ്രകാരം വാങ്ങൽ നടത്തേണ്ടത് അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയിൽ നിന്നാണ്. ഇതിൽ പ്രകാരം 7.10.23 ൽ ടെണ്ടർ ക്ഷണിച്ചതിൽ സിഡ്കോയുടെ തന്നെ

സ്ഥാപനങ്ങളുടെ സിവിൽ വിഭാഗത്തിലും, സ്റ്റോക്കിൽ, പബ്ലിക് എന്നീ സ്ഥാപനങ്ങൾ ഓഫീസ് സമർപ്പിച്ചിട്ടുള്ളതും കണ്ടത് ഓഫീസ് സമർപ്പിച്ച സ്റ്റോക്കിൽ,പബ്ലിക്കിൽ നിന്ന് ലഭ്യമാക്കിയ 4200 ബുക്കുകൾ നിരക്ക് അംഗീകരിച്ചിട്ടില്ലാത്ത. ടിസ്ഥാപനത്തിൽ നിന്ന് 45 കട്ടിലുകൾ വാങ്ങുന്നതിന് 24.1.24-ലെ കത്തിലൂടെയാണെങ്കിൽ അംഗീകരിക്കുകയും ഇതിൻ പ്രകാരം വാങ്ങൽ നടത്തിയിട്ടുണ്ട്. ഇതേ കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറി മുഖേന നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിലുകൾ വാങ്ങൽ പ്രോജക്ട് (സ്റ്റീൽ ഓവർ പ്രോജക്ട് S0216/25) പ്രകാരം അതോറിറ്റി എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് വാങ്ങുന്നതിനാണ് പ്രോജക്ടിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പ്രകാരം സോമ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് 3,890 രൂപ നിരക്കിലാണ് കട്ടിലുകൾ വാങ്ങിയത്. ഒരേ ഇനം വാങ്ങുന്നതിന് ഒരേ കാലയളവിൽ നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം വ്യത്യസ്ത നിരക്കിലുള്ള ടെൻഡറുകളാണ് അംഗീകരിച്ചിട്ടുള്ളത്. ക്രമിത നിരക്കിലുള്ള ടെൻഡർ ഫാബ്രിക്കേറ്റിയ സിവിൽകൗണ്ടന്റി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നെഗോസിയേഷൻ നടത്തിയതായും കാണുന്നില്ല. അപാകതകൾ പരിശീലനം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.26/15.11.25) ലഭ്യമായിട്ടില്ല മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന കട്ടിൽ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷമാണ് എസ് സി വിഭാഗത്തിനുള്ള കട്ടിൽ വാങ്ങൽ പ്രോജക്ടിന്റെ ടെൻഡർ നടപടികൾ ആരംഭിച്ചത് എന്നും അതിനാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരമുള്ള കട്ടിലിന്റെ നിരക്ക് അറിയാൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചു. ഇതര വർഷങ്ങളിൽ വാങ്ങിച്ചുകൾ നടത്തുമ്പോൾ വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളാണെങ്കിൽ പോലും ഒരേ ഇനത്തിന്റെ വാങ്ങലുകൾക്ക് ഒരുമിച്ച് ടെൻഡർ ക്ഷണിക്കേണ്ടതാണ്. വിഷയത്തിൽ കാണുവിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-19 വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വാങ്ങിയുന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.S0216/25, വയോജനങ്ങൾക്ക് കട്ടിൽ (സ്റ്റീൽ ഓവർ)

അടങ്കൽ-1,95,750/-(എസ്.സി.പി)

ചെലവ്-1,94,500/-(എസ്.സി.പി)

ബിൽ നം.77/9.5.2024

ഈ പ്രോജക്ടിൽ 50 കട്ടിലുകൾ 3,890/- രൂപ നിരക്കിൽ സോമാ ഇൻഡസ്ട്രീസ്, കൊപ്പാലുള്ള എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.202/26.03.2024 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 43 എണ്ണം മാത്രമാണ് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകളുടെയും തന്നെ ഫയലിൽ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/11.11.2025) മറുപടി ഹാജരാക്കിയിട്ടില്ല. അവശേഷിക്കുന്ന വിതരണ രേഖകളും ഹാജരാക്കുന്നപക്ഷം ശേഷിക്കുന്ന 7 കട്ടിലിന്റെ വിലയായ 27,230/- രൂപയുടെ ചെലവ് ഓഡിറ്റിൽ ഒഴിവാക്കുന്നതാണ്.

1-20 വിവിധ സ്ഥാപനങ്ങളിൽ നിർമ്മിച്ച ഇരുമ്പുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിർമ്മിച്ച ഇരുമ്പുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം.	ചെലവഴിച്ച തുക	തുക ലഭിച്ചിട്ടുള്ള സ്ഥാപനം

1	കൊച്ചിയാർ ഇംപ്ലാന്റേഷൻ സഹായം (പ്രോജക്ട് നം.50318/25	50000(UTR No. IBKH38251728636 3/7.2.25)	സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
2	ചിറമേശ്വരി പുനഃവിവാഹ കെറ്റും വിഹിതം നൽകൽ (50339/25)	100000 (ബിൽ നം.302/15.1.2025)	ആലപ്പുഴ ജില്ലാപഞ്ചായത്ത്
	ആകെ	1,50,000	

മേൽ ഇനങ്ങളെ യന വിനിയോഗ സംബന്ധമായ രേഖകളെന്നാവശ്യപ്പെട്ട് നൽകിയ മെമ്മോ അനുസരണത്തിന് (നം. 9/6.11.2025) ധനവിനിയോഗ സംബന്ധമായ രേഖകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമെന്ന് മറുപടി നൽകി. ആയതിനാൽ ധന വിനിയോഗ സംബന്ധമായ രേഖകൾ ലഭ്യമാക്കുന്നതുവരെ 1,50,000 രൂപയുടെ ചെലവ് തടഞ്ഞുവയ്ക്കുന്നു.

1-21 കോൺഫറൻസ് ഹാൾ പാനലിംഗ്- അപാകതകൾ

നിർവ്വഹണം: സെക്രട്ടറി

പ്രോജക്ട് നം. S0250/25

പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാൾ പാനലിംഗ് നടപ്പിലാക്കുന്നതിനായി അക്കൗണ്ടിംഗ് പുസ്തകങ്ങളിൽ നിന്ന് ലഭിച്ച രേഖകൾ പരിശോധിച്ചതിൽ ഇതിന് പ്രകാരം സിഡികോ സെന്റിൽസ് എക്സ്പോർട്ടേഴ്സ്, കൊച്ചി-417632, ആർടികോ ബിൽഡേഴ്സ് ആലപ്പുഴ-418150, കാഡ്കോ ബിൽഡേഴ്സ്- 459987 എന്നീ സ്ഥാപനങ്ങളുടെ ടെൻഡർ രേഖകളിൽ കാണാത്ത ടെൻഡർ സമർപ്പിച്ച കാഡ്കോ ബിൽഡേഴ്സിന്റെ ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിരിക്കുന്നു. പാനലിംഗ് നടത്തിയതിന്റെ തുല്യ തിട്ടപ്പെടുത്തിയ ഗ്രാപഞ്ചായത്ത് എഞ്ചിനീയർ നടപ്പാക്കുകയും 35,1826 രൂപ പെയ്മെന്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

i) ടെൻഡർ ക്ഷണിച്ചതിനാലാണ് പാനലിംഗ് നടപ്പാക്കുന്നതിനുള്ള സ്പെസിഫിക്കേഷനായി ചേർത്തിട്ടുള്ളത് കാഡ്കോ എന്നകമ്പനിയെ അതേ സ്പെസിഫിക്കേഷനാണ്. മറ്റ് രണ്ട് സ്ഥാപനങ്ങൾ ഇതിൽ നിന്ന് വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളാണ് നൽകിയിരിക്കുന്നത്. വ്യത്യസ്ത സ്പെസിഫിക്കേഷനുകളുള്ള ടെൻഡറുകൾ തമ്മിൽ താരതമ്യം ചെയ്തത് എങ്ങനെയെന്ന് വ്യക്തമല്ല.

2) ടെൻഡർ ക്ഷണിച്ചിട്ടുണ്ടായിരുന്നതിന് മുമ്പായി ഗ്രാപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല.

3) പാനലിംഗിൽ ഉൾപ്പെടുത്തിയ ഹാളിലെ രണ്ട് വശങ്ങളിൽ മൈക്കോ വർക്ക് നടത്തിയിട്ടുണ്ട്. എന്നാൽ പരിശോധന നടത്തിയതിൽ പ്രധാന വാതിലിനും മൈക്കോ ഇളകിയതായി കാണപ്പെട്ടു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ മെമ്മോ അനുസരണത്തിന് (നം.25/15.11.25) ലഭ്യമായ മറുപടിയിൽ കോൺഫറൻസ് ഹാൾ പാനലിംഗ് ഈന് വർക്കായി ഇടയന്ന വിവരം മെമ്മോ പ്രവൃത്തിയാണെന്നും ഇനിയും രണ്ട് ബില്ലുകൾകൂടിമാത്രമാണ് പ്രോജക്ട് നടപ്പാക്കിയതായി എന്നും അറിയിച്ചു. വർക്കുകൾ പൂർത്തീകരിക്കാതെ പെയ്മെന്റ് ചെയ്തതിന് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചതിനാൽ പാനലിംഗ് പ്രവൃത്തി നടപ്പാക്കിയ മറ്റ് പഞ്ചായത്തുകളിലെ സ്പെസിഫിക്കേഷൻ ലഭ്യമാക്കി അതിൽ പ്രകാരം ടെൻഡർ ക്ഷണിച്ചതാണെന്നും പ്രധാന വാതിലിന്റെ മൈക്കോ ഇളകിയത് കാഡ്കോയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി.

കാഡ്കോ കമ്പനിയെ ടെൻഡർ മാത്രമാണ് പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ട പ്രകാരമുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയത്. മറ്റ് രണ്ട് സ്ഥാപനങ്ങളും കമ്പനിയുടെ സ്പെസിഫിക്കേഷനുകൾ ഇതിൽ നിന്നും വ്യത്യസ്തമാണ്. വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളിൽ നിന്ന് കാണാത്ത ടെൻഡർ

പരിഗണിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. അടിസ്ഥാന ഓഡിറ്റ് നടപടികൾ കാറ്റഗറി സ്വയാർജ്ജമായിട്ടുള്ള ശ്രദ്ധിയില്ലെന്നതാണ്. ഇക്കാര്യം പ്രധാന വരിയിൽ നടത്തിയ മൊത്തം വർക്കിലെ അപാകത കൂടി പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 ഭവന പുനരുദ്ധാരണം – അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല

വിളപ്പ് നിർവഹണം നടത്തിയ ഭവന പുനരുദ്ധാരണ പ്രവൃത്തികളിൽ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം.504/25, വീട് മെയിന്റനൻസ് (ജനറൽ)

അടങ്കൽ-11,25,000/-(വികസന ഫണ്ട് ജനറൽ)

ചെലവ്-5,25,000/-(വികസന ഫണ്ട് ജനറൽ)

പ്രസ്തുത പ്രോജക്ടിൽ 12 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്കായി തുക നൽകിയിട്ടുണ്ട്. ഇതിൽ 8 ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റിയ ഷീജാ ബാലനിൽ(37500/-), കുട്ടപ്പനാശാരി ടി.(37500/-), ബീന(37500/-), ആശാവിശ്വനാഥ്(37500/-) എന്നീ 4 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/2024-25/15.11.2025) പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും പ്രോജക്ട് സ്റ്റിൽ ഓവർ ആയിട്ടുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തേണ്ടതാണ്.

2) പ്രോജക്ട് നം.43/25, വീട് മെയിന്റനൻസ് (എസ്.സി.പി)

അടങ്കൽ-10,00,000/-(എസ്.സി.പി)

ചെലവ്-10,40,004/-(എസ്.സി.പി)

പ്രസ്തുത പ്രോജക്ടിൽ 16 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി തുക നൽകിയിട്ടുണ്ട്. ഇതിൽ 12 ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റിയ പൊടിയമ്മ(50000/-), ശ്യാമള കെ.കെ.(50000/-), ബിന്ദു(50000/-), ഷൈലജ ടി.(50000/-) എന്നീ 4 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/2024-25/15.11.2025) പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും പ്രോജക്ട് സ്റ്റിൽ ഓവർ ആയിട്ടുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തേണ്ടതാണ്.

3) പ്രോജക്ട് നം.228/25, വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ (എസ്.സി.പി)

അടങ്കൽ-8,50,000/-(എസ്.സി.പി)

ചെലവ്-5,21,182/-(എസ്.സി.പി)

പ്രസ്തുത പ്രോജക്ടിൽ 11 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി തുക നൽകിയിട്ടുണ്ട്. ഇതിൽ 10 ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റിയ അജിത്നി (50000/-) പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/2024-25/15.11.2025) പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും പ്രോജക്ട് സ്റ്റിൽ ഓവർ ആയിട്ടുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയവും നടത്തേണ്ടതാണ്.

1-23 ജി.എസ്.ടി ഇനത്തിൽ നിന്നും കുറവ് ചെയ്തില്ല

വെൽഫെയർ ഫണ്ട് പദ്ധതിയിലെ 2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ വിവിധ വ്യക്തികൾക്ക് ചികിത്സയിൽ കൊടുത്തിട്ടുള്ള ധനസഹായം സംബന്ധിച്ച

കോട്ടയം എന്ന സഹകരണബാങ്കിന്റെ 50200071022219 ആക്കൗണ്ടിലേയ്ക്ക് ആകെ 2,89,248 രൂപ (ജി.എസ്.ടി ഉൾപ്പെടെയുള്ള തുക) രജിസ്റ്റേർഡ് പോസ്റ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നൽകിയിട്ടുള്ളത് (സഹകരണബാങ്ക്) ഉദ്ദേശത്തിൽ കവറ് പൊട്ടിയതിനാലെന്നു മനസ്സിലാക്കാം. ജി.എസ്.ടി രജിസ്ട്രേഷനിൽ നിന്ന് ഇടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ വരവിലേയ്ക്കു വ്യത്യാസത്തിൽ 5,785 /- രൂപ ഇടാക്കേണ്ടതുണ്ട്.

50316/25 നമ്പർ പ്രൊജക്ടിന്റെ വിശദാംശം:

പ്രൊജക്ട് നമ്പർ	50316/25		
പ്രൊജക്ട്	ആരോഗ്യ സഹകരണങ്ങളിൽ മാതൃക നിർണ്ണയ ബന്ധങ്ങളും ഭരണവും		
അടങ്കൽ	7,55,523 /-		
	സൗത്തിന്ത്യ, കോട്ടയം		
ചെക്കുകൾ	137704	വരുമാന സാധനങ്ങൾ	ഡെബിറ്റ് നം.22400877/ 12.02.2025
	43952 /- SUN00790/2024-25/30.11.24,	ഡെബിറ്റേഡ്	37247.47
	43952 /- SUN00791/2024-25/ 30.11.24	ഡിപ്പോസിറ്റ്	37247.47
ഇൻവോയിസ് നം	14000 /- SUN00795/2024-25/30.11.24	ഫീസ്	11864.4
	17900 /- SUN00793/2024-25/30.11.24	ഫ്രൈറ്റേഴ്സ്	15169.49
	17900 /- SUN00794/2024-25/30.11.24	ഫ്രൈറ്റേഴ്സ്	15169.49
ആകെ തുക(ജി.എസ്.ടി. ഇല്ലാതെ)			116698.32

50315/25 നമ്പർ പ്രൊജക്ടിന്റെ വിശദാംശം:

പ്രൊജക്ട് നമ്പർ	50315/25		
പ്രൊജക്ട്	ഉപകൊടുങ്ങല്ലൂർ സെൻട്രൽ ആന്റ് വെൽനസ് പ്രവർത്തനങ്ങൾ		
അടങ്കൽ	1,66,418 /-		
	സതേൺസിറ്റി, കോട്ടയം		
ചെക്കുകൾ	117904	വരുമാന സാധനങ്ങൾ	ഡെബിറ്റ് നം.22400880/ 12.02.2025
ഇൻവോയിസ് നം	43952 /- SUN00788/2024-25/ 30.11.24,	ഡെബിറ്റേഡ്	37247.47
	43952 /- SUN00789/2024-25/30.11.24	ഡെബിറ്റേഡ്	37247.47
ആകെ തുക(ജി.എസ്.ടി ഇല്ലാതെ)			74494.94 /-

S017/25 നമ്പർ പ്രവൃത്തിയുടെ വിശദാംശം:

പ്രോജക്ട് നമ്പർ	S017/25		
പ്രവൃത്തി	ചി.എച്ച്.സി.മുതലയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ		
അടങ്കൽ	3,00,000 /-(മെയിന്റനൻസ് ഗ്രാന്റിതരം)		
സെക്ഷൻ, കോട്ടയം			
ചെലവ്	115704	വാങ്ങിയ സാധനങ്ങൾ	ബി ആർ എൻ നം. 240702520088010841 36/ 23.12.2024
ഇൻവോയിസ് നം	43952 /- SUN00786/2024-25/30.11.24	മെഡിടാപ്	37247.47
	43952 /- SUN00787/2024-25/30.11.24	മെഡിടാപ്	37247.47
	7,000 /- SUN00796/2024-25/30.11.24	ഫാൻ	5932.9
	3200 /- SUN00797/2024-25/30.11.24	ഫാൻ	2711.86
	17600 /- SUN00792/2024-25/30.11.24	സ്റ്റെബിലൈസർ	14915
	ആകെ തുക(ജി.എസ്.ടി. ഉൾപ്പെടെ)		98054.7

ജി.എസ്.ടി ഉൾപ്പെടുത്തി ആകെ തുകയായ 2,89,248 /- രൂപയും 2% ആയ 5,785 രൂപ സ്ഥാപനത്തിൽ നിന്ന് ഈടാക്കി ജി.എസ്.ടി നടപടികൾ അടയ്ക്കുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം.20/14.11.2025).

1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വിതരണം ചെയ്തിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്ന വാങ്ങൽ പ്രവൃത്തിയിൽ മരുന്നിനായി 2,00,000/-രൂപ അഡ്വാൻസ് തുക ഹോമകോപ്പ് നല്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ഇതുവരെയും ഹോമകോ വിതരണം ചെയ്തിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	S0028/25 ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ ഫർണിച്ചറും വാങ്ങൽ
അടങ്കൽ	2,00,000 (മെയിന്റനൻസ് ഫണ്ട് ഗ്രാന്റിതരം)
ചെലവ്	2,00,000 (മെയിന്റനൻസ് ഫണ്ട് ഗ്രാന്റിതരം)
ബി.ആർ.എൻ നം/ തുക	240702520085010008 52/26.12.2024/ 200000/-
ടാക്സ് ഇൻവോയിസ് നം/തുക	LF-919 /24.10.2025/ 1,25,429 /- LF-821 /17.07.2025/ 32,044 /-

